**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1654** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>പ്രിയദർശിനി ബസ്സുകൾ സ്പെയർ പാർട്സ് വാനുകളാക്കി മാറ്റുന്ന നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** പ്രിയദർശിനി സ്ത്രീ സൗജന്യയാത്രാ ബസുകൾ സ്പെയർ പാർട്സ് വാനുകളാക്കി മാറ്റുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** കെ.എസ്.ആർ.ടി.സിയിലെ വർക്ക്ഷോപ്പ് വാനുകൾ 20 വർഷക്കാലാവധി പിന്നിട്ടതിനാൽ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യമാണ്. വർക്ക്ഷോപ്പുകളുടെ പ്രവർത്തനത്തിന് സ്പെയർ പാർട്സ്, ടയർ മറ്റ് അനുബന്ധ സാധനങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്നതിന് താൽക്കാലികമായി സ്പെയർ ബസ്സുകൾ ക്രമീകരിച്ചിട്ടുണ്ട്. പ്രിയദർശിനി സ്ത്രീസൗജന്യ യാത്രയ്ക്ക് ഉപയോഗിച്ചിരുന്ന ബസ്സുകളടക്കം 33 ബസ്സുകളാണ് നിലവിൽ ടി ആവശ്യത്തിലേയ്ക്ക് 5 സെൻട്രൽ/ റീജിയണൽ വർക്ക്ഷോപ്പുകൾക്കും, 94 യൂണിറ്റുകൾക്കുമായി നൽകിയിട്ടുള്ളത്.

**(ബി)** ഉണ്ടെങ്കിൽ എത്ര ബസ്സുകളാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ഇവ ഏതൊക്കെ റൂട്ടുകളിൽ ഓടിക്കുന്നവയാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

**<u>മറുപടി:</u>** മേൽ പ്രതിപാദിച്ച 33 ബസ്സുകളിൽ പ്രിയദർശിനി റൂട്ടുകളിൽ ഉപയോഗിച്ചിരുന്ന ഷെഡ്യൂളുകളുടെ വിവരം

1. തിരുവനന്തപുരം ജില്ല (തിരുവനന്തപുരം – ആറ്റിങ്ങൽ, നെയ്യാറ്റിൻകര – അരുവിപ്പുറം, നെയ്യാറ്റിൻകര – അടിമലത്തുറ)

2. കൊല്ലം (കൊല്ലം – വെളിയം, കൊല്ലം – കൊട്ടാരക്കര, തെക്കും ഭാഗം- കൊട്ടാരക്കര )

3.കോട്ടയം (കോട്ടയം–പത്തനംതിട്ട, കൈപ്പള്ളി – തലനാട് , ചേന്നാട്)

4. പാലക്കാട് ( പാലക്കാട് – തൃശ്ശൂർ)

5. കോഴിക്കോട് (തൊട്ടിൽപ്പാലം – കോഴിക്കോട്)

6. കണ്ണൂർ ജില്ല ( പയ്യന്നൂർ- കാസർഗോഡ്)

ടി റൂട്ടുകളിൽ മുടക്കം കൂടാതെ മറ്റ് ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**